**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5269** **21-03-2025 - ൽ മറുപടിയ്ക്ക്**

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഉന്നമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. വാഴൂർ സോമൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് പുറത്ത് പഠനാവസരങ്ങൾ തേടുന്ന വിദ്യാർഥികളെ ഇവിടെ നിലനിർത്തുന്നതിനും വിദേശത്തുനിന്നുള്ള വിദ്യാർത്ഥികളെ ഇവിടേക്ക് ആകർഷിക്കുന്നതിനും ഉന്നതവിദ്യാഭ്യാസ മേഖലയിൽ നൂതന പഠന സൗകര്യങ്ങളും മികച്ച സാഹചര്യങ്ങളും ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അന്താരാഷ്ട്ര വിദ്യാർത്ഥികളെ മുഴുവൻ സമയ-ഹ്രസ്വകാല പ്രോഗ്രാമുകളിലേയ്ക്ക് ആകർഷിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിലുണ്ട്. കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബ് ആക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർത്ഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14,15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻറ് ടെക്നോളജിയിൽ വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ്, കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചേർന്നാണ് 'ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ : ഇൻറർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യുക്കേഷൻ' എന്ന പേരിൽ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തിയത്.<br><br>ഉന്നത വിദ്യാഭ്യാസത്തിൽ നിർമിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നത വിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാഡമിക് |

| | | | |
|---|---|---|---|
| | | | ലൈബ്രറികൾ, ഗവേഷണ ഫലങ്ങളും നയരൂപീകരണവും, ഗ്രാജ്ജുവേറ്റ് ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാൻ നവീന മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറ്റുന്നതിന് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. |
| (ബി) | ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന് സ്വകാര്യമേഖലയുടെ പങ്കാളിത്തം കൂടി ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ ശ്രമിക്കുന്നത്. മറ്റു സംസ്ഥാനങ്ങളിൽ നിന്നും രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ ഇവിടേയ്ക്ക് ആകർഷിക്കണം. Gross Enrollment Ratio (GER) വർധിപ്പിക്കുക എന്നതും പ്രധാന അജണ്ടയാണ്. GER 75 % ആക്കണമെന്നാണ് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ ശുപാർശ ചെയ്തത്. എന്നാൽ ഇതിനാവശ്യമായ മൂലധന നിക്ഷേപം നടത്താൻ നിലവിലെ സാമ്പത്തിക സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് സ്വകാര്യ സർവ്വകലാശാലകൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചത്. സാമൂഹ്യ നീതിയിൽ അധിഷ്ഠിതമായ മെച്ചപ്പെട്ടതും ഗുണമേന്മയുമുള്ള ഉന്നത വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ നയം. |
| (സി) | പൊതു സർവകലാശാലകളുടെ നിലവാരമുയർത്തി ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (സി) | പൊതു സർവകലാശാലകളുടെ നിലവാരമുയർത്തി ശാക്തീകരിക്കു ന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപിലാക്കിവരുന്നു.<br><br>**<u>സെന്റർ ഓഫ് എക്സലൻസ്:</u>**<br><br>കേരള സർവ്വകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ യഥാക്രമം (1), Thanu Padmanabhan Centre of Excellence in Astronomy and Astrophysics, (2), Centre of Excellence in Neuro degeneration and Brain Health, (3) Centre of Excellence in Nano Science & Nanotechnology എന്നീ മികവിന്റെ കേന്ദ്രങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ 7 സെന്റർ ഓഫ് |

| | | | |
|---|---|---|---|
| | | | എക്സലൻസ് (CoE) സ്ഥാപിക്കുവാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>നാലുവർഷ ബിരുദ പ്രോഗ്രാം :</u>**<br><br>സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ 8 സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.<br><br>**<u>K-REAP :</u>**<br><br>സർവ്വകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയുന്നതാണ്. 2024 - 25 അദ്ധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കി വരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.<br><br>**<u>എററുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം :</u>**<br><br>സംസ്ഥാനത്തെ സർകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ് വർക്ക് വികസിപ്പിക്കുന്നതിനും ആയി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.<br><br>**<u>ബ്രെയിൻ ഗെയിൻ:</u>**<br><br>ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബെയ്സ് നിർമ്മിക്കുന്നതിനായി ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. |
| (ഡി) | ആരംഭിക്കാനിരിക്കുന്ന സ്വകാര്യ സർവ്വകലാശാലകളിൽ സാമ്പത്തിക സാമൂഹിക സമത്വം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (ഡി) | സാമൂഹ്യനീതി എന്ന ആശയത്തിലധിഷ്ഠിതമായാണ് സംസ്ഥാനത്തെ സ്വകാര്യ സർവകലാശാലാ ബിൽ തയാറാക്കിയിരിക്കുന്നത്. സാമൂഹ്യ നീതിയും, സർക്കാരിന്റെ നിയന്ത്രണാധികാരവും stakeholders ന്റെ അവകാശങ്ങളും ഉറപ്പ വരുത്തി, ഏറ്റവും മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസം |

| | | | |
|---|---|---|---|
| | | | നൽകുന്നതിന് ആവശ്യമായ എല്ലാ സാധ്യതകളും ഉറപ്പ് വരുത്തിയുമാണ് 2025 ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ കൊണ്ട് വന്നിട്ടുള്ളത്. സർക്കാരിന്റെ റെഗുലേറ്ററി ബോഡി സ്വകാര്യ സർവകലാശാലാ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്:<br><br>ഓരോ കോഴ്സിലും നാൽപത് ശതമാനം സീറ്റുകൾസംസ്ഥാനത്തെ സ്ഥിരം നിവാസികളായ വിദ്യാർത്ഥികൾക്കായി സംവരണം ചെയ്യേണ്ടതും, ഇതിൽ സംസ്ഥാനത്ത് നിലവിലുള്ള സംവരണം ബാധകമാക്കേണ്ടതുമാണ്.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസിളവ് നൽകുകയും സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുകയും ചെയ്യും. |

സെക്ഷൻ ഓഫീസർ